**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **03-02-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കൃഷ്ണപുരം മാമ്പ്രക്കന്നേൽ റെയിൽവേ മേൽപ്പാലം, കാക്കനാട് റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | (ബി) | **കൃഷ്ണപുരം മാമ്പ്രക്കന്നേൽ റെയിൽവേ മേൽപ്പാലം**<br><br>കായംകുളം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ നിർമ്മിക്കുന്ന മാമ്പ്രക്കന്നേൽ റെയിൽവേ മേൽപ്പാലത്തിനായി അനുവദിച്ച തുക 34.15 കോടി രൂപയാണ്. 06.09.2024 ൽ പദ്ധതി ടെണ്ടർ ചെയ്തുവെങ്കിലും ഒരു ബിഡർ മാത്രം പങ്കെടുത്തതിനാൽ 14.11.2025 ൽ പദ്ധതി റീടെണ്ടർ ചെയ്തു. റീടെണ്ടറിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോർപ്പറേറ്റീവ് സൊസൈറ്റി പങ്കെടുക്കുകയും, 09.11.2025 തീയതിയിൽ ULCCS-മായി കരാർ വെക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>**കാക്കനാട് റെയിൽവേ മേൽപ്പാലം**<br><br>കെ.ആർ.ഡി.സി.എൽ ന് നിർമ്മാണ ചുമതലയുള്ള എൽ.സി 149 (കാക്കനാട് ഗേറ്റ്) ആർ.ഒ.ബി യുടെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

| അനുബന്ധം എ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി | റിമാർക്ക്സ് |
| 1 | മുട്ടേൽ പാലം | 755 | പൂർത്തീകരിച്ചു | |
| 2 | കുട്ടം വാതുക്കൽ കടവ് പാലം | 4000 | പൂർത്തീകരിച്ചു | ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | പാർക്ക് ജംഗ്ഷൻ പാലം | 546 | പൂർത്തീകരിച്ചു | |
| 4 | കന്നിശ കടവ് | 1120 | ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. | ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 5 | മാർക്കറ്റ് പാലം | 645 | ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19.01.2026 തീയതിയിൽ സൈറ്റ് കൈമാറിയിട്ടുണ്ട് | ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 6 | കോയിക്കൽപടി പാലം | 459.65 | ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. | DSoR 2021 പ്രകാരം 559 ലക്ഷത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം D1/519/2025/PWD നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്നു. |
| 7 | ഭഗവതിപ്പടി കരീലക്കുളങ്ങര റോഡ് പ്രവൃത്തിയുടെ ഭാഗമായ പത്തിയൂർ പാലത്തിന്റെ പുനർനിർമ്മാണം | 2000 | പാലം നിർമ്മാണ പ്രവൃത്തി പൂർത്തിയായി. അപ്രോച്ച് റോഡന്റെ നിർമ്മാണം പുരോഗമിക്കുന്നു, | |